# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5777

03-11-2016 ൽ
മറുപടിയ്ക്ക്.

## രൂക്ഷമായ വരൾച്ച നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വയനാട്ടിൽ മണ്ണിരകൾ കൂട്ടമായി ചത്തൊടുങ്ങിയ പ്രതിഭാസം സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച ഉണ്ടാകാനുള്ള സൂചനയായി ജലവിഭവ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വരൾച്ചയെ നേരിടുന്നതിന് സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്ന മുൻകരുതലുകളും തയ്യാറെടുപ്പുകളും എന്തൊക്കെയാണ്; | (എ) | മണ്ണിരകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്ന പ്രതിഭാസത്തെക്കുറിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ മഴക്കുറവ്, വരാനിരിക്കുന്ന വരൾച്ചയുടെ സൂചനയായി വിലയിരുത്താവുന്നതാണ്.<br>നിരവധി ചെക്ക്ഡാമുകൾ, റെഗുലേറ്റർ എന്നിവ നിർമ്മിച്ചും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിയും നദികളിലെയും തോടുകളിലെയും നീരൊഴുക്ക് പുന:സ്ഥാപിക്കുന്നതിനും കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുന്നതിനും കുടിവെള്ളം, കാർഷികാവശ്യം, പാരിസ്ഥിതിക ധർമ്മങ്ങൾ എന്നിവയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.<br>ജല അതോറിറ്റി താഴെപ്പറയുന്ന അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജല ലഭ്യത ഉറപ്പുവരുത്തുക.<br>2. ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി |

| | | | |
|---|---|---|---|
| | | | സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.<br>3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ ദീർഘിപ്പിച്ചു ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പു വരുത്തുക.<br>6. റവന്യൂ, തദ്ദേശസ്വയം ഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുക.<br>7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുക.<br>8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക.<br>9. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുക.<br>10. പണികൾ അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.<br>ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പാക്കുന്നുണ്ട്.<br>വിവിധ ചെറുകിട കുടിവെള്ള പദ്ധതികൾ, ഹാന്റ് പമ്പ് സ്കീമുകൾ, കുഴൽകിണർ/ ട്യൂബ്വെൽ നിർമ്മാണം മുതലായവ പൂർത്തീ-കരിക്കുന്നതോടെ പ്രാദേശികാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ഒരു പരിധിവരെ നേരിടുന്നതിന് സാധിക്കും. |
| (ബി) | കൊയിലാണ്ടി മണ്ഡലത്തിൽ വരൾച്ചയും ജലക്ഷാമവും അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന കൊയിലാണ്ടി, പയ്യോളി മുൻസിപ്പാ ലിറ്റികളിലും, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി, തിക്കോടി തുടങ്ങിയ പഞ്ചായത്തുകളിലും കുടിവെള്ള-ക്ഷാമം അനുഭവപ്പെടുന്നുണ്ട്. |
| (സി) | ഈ പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നിലവിലുണ്ടോ; പദ്ധതികൾ ഉള്ളയിടങ്ങളിൽ അത് പര്യാപ്തമാണോ; | (സി) | നിലവിലുള്ള ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകൾ ഒന്നും തന്നെ പര്യാപ്തമല്ല.<br>കൊയിലാണ്ടി മണ്ഡലത്തിൽ നിലവിലുള്ള പദ്ധതികൾ<br>1. കോട്ടക്കുന്ന് WSS - പയ്യോളി നഗരസഭ<br>2. കോട്ടത്തുരുത്തി WSS - പയ്യോളി നഗരസഭ<br>3. പയ്യോളി WSS - പയ്യോളി നഗരസഭ<br>4. ഇരിങ്ങൽമൂരാട് WSS - പയ്യോളി നഗരസഭ<br>5. കിടഞ്ഞിക്കുന്ന് WSS - തിക്കോടി ഗ്രാമപഞ്ചായത്ത്<br>6. തിക്കോടി WSS - തിക്കോടി ഗ്രാമപഞ്ചായത്ത്<br>7. മൊയിലൂർക്കുന്ന് WSS - മൂടാടി ഗ്രാമപഞ്ചായത്ത്<br>8. വീരവഞ്ചേരി WSS - മൂടാടി ഗ്രാമപഞ്ചായത്ത്<br>9. വരുക്കുന്ന് WSS - കൊയിലാണ്ടി നഗരസഭ<br>10. കക്കരാട്ട് കുന്ന് WSS- കൊയിലാണ്ടി നഗരസഭ<br>11. കൊയിലാണ്ടി ടൗൺ WSS -കൊയിലാണ്ടി നഗരസഭ<br>12. കോമത്തുകര WSS - കൊയിലാണ്ടി നഗരസഭ<br>13. മൂഴിക്കമീത്തൽ WSS -കൊയിലാണ്ടി നഗരസഭ<br>ചെങ്ങോട്ടുകാവ്, ചേമഞ്ചേരി പഞ്ചായത്തുകളിൽ കേരള ജല അതോറിറ്റി പരിപാലിക്കുന്ന പദ്ധതികൾ ഒന്നും ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | പുതുതായി പദ്ധതികൾ വേണ്ടത് എവിടെയെല്ലാം; അതിനുള്ള ജലസ്രോതസ്സ് എവിടെയാണുള്ളത്; വിശദമാക്കാമോ; ഫീസിബിലിറ്റി സ്റ്റഡിയുടെ അടിസ്ഥാനത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭ്യമാക്കാമോ; | (ഡി) & (ഇ) | കൊയിലാണ്ടി മണ്ഡലത്തിൽ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ആവശ്യമാണ്. ആദ്യപടിയായി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലേക്ക് 85 കോടി രൂപയ്ക്കുള്ള പദ്ധതിക്ക് പ്രഥമ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക . നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കു പുറമെ കോട്ടൂർ, നടവണ്ണൂർ, അരിക്കുള്ളം പഞ്ചായത്തുകളും ഉൾപ്പെടുന്നു. കൊയിലാണ്ടി മണ്ഡലത്തിലുൾപ്പെടുന്ന പയ്യോളി മുനിസിപ്പാലിറ്റിയും തിക്കോടി, മൂടാടി ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടുന്ന (മറ്റു മണ്ഡലങ്ങളിലെ ചെറുവണ്ണൂർ, തുറയൂർ, കീഴരിയൂർ, മേപ്പയൂർ, നോച്ചാട്, മരുതങ്കര, കാവിലും പാറ, കുരാച്ചുണ്ട്, പനങ്കാട്, ഉണ്ടിയാളം എന്നീ പഞ്ചായത്തുകളും) ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് (പെരുവണ്ണാമൂഴി ഡാം സ്രോതസ്സായി) പഠനം നടത്തി വരുന്നു.<br>മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലായാൽ കൊയിലാണ്ടി മണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാകും. |
| (ഇ) | പുതുതായി എവിടെയെല്ലാം കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ